"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, ചെറുമുണ്ടശ്ശേരി എ.യു.പി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി.എൻ. ജിജി ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.43074/2024 -ന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 04.12.2024 തീയതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.4347/2025/GEDN തീയതി,തിരുവനന്തപുരം, 01-07-2025

---

പരാമർശം:-

1. പാലക്കാട്, ചെറുമുണ്ടശ്ശേരി എ.യു.പി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി.എൻ. ജിജിസർക്കാരിൽ സമർപ്പിച്ച 15/11/2024 തീയതിയിലെ പുന പരിശോധനാ ഹർജി(Ext.P13).
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 43074/2024 ന്മേലുള്ള 04.12.2024 തീയതി വിധിന്യായം.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 04/03/2025 തീയതിയിലെ ഡിജിഇ/3252/2025-ജി1 നമ്പർ കത്ത്.
4. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21/02/2025 തീയതിയിലെ AEOOTP/7/2025-E നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട്, ചെറുമുണ്ടശ്ശേരി എ.യു.പി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി.എൻ. ജിജി ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.43074/2024 -ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച പരാമർശം 1 (Ext.P13) പുന പരിശോധനാ ഹർജി ഹർജിക്കാരിയെയും 5, 7 എതിർ കക്ഷികളെയും കേട്ട് തീർപ്പാക്കാൻ ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ഹർജിക്കാരിയെയും ബന്ധപ്പെട്ട കക്ഷികളെയും 4.03.2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തിരം നേരിൽ കേട്ടു.

2. ഹർജിക്കാരിയുടെ വാദങ്ങൾ ചുവടെ കൊടുക്കുന്നു.

ചെറുമുണ്ടശ്ശേരി എ.യു.പി സ്കൂളിൽ 2016-17 വർഷം അനുവദിച്ച 2 അധിക യു.പി.എസ്.ടി തസ്തികകളിൽ 13.6.2016-ന് എന്നെയും 1.7.2016-ന് ശ്രീമതി.ജലജ.സി.പി എന്നയാളെയും നിയമിച്ചു. 2010-11-ൽ 10 റഗുലർ തസ്തിക നിലനിന്നിരുന്ന സ്കൂളിൽ തസ്തിക നിർണ്ണയം നടത്തിയപ്പോൾ 9 റഗുലർ തസ്തികകൾക്ക് ആവശ്യമായ കുട്ടികൾ ഉണ്ടായിരുന്നിട്ടും 2014-15-ൽ 8 തസ്തികൾക്കുള്ള കുട്ടികളേ ഉണ്ടായിരുന്നുള്ളൂ എന്ന വാദമുയർത്തി 2015-16-ലും 8 തസ്തികകൾ (4

യു.പി.എസ്.ടി, 4 എൽ.പി.എസ്.ടി) മാത്രമേ അനുവദിച്ചിരുന്നുള്ളൂ. ആയത് പിന്നീട് സ.ഉ. നമ്പർ (സാധാ) 3136/2020 തീയതി 24.11.2020 പ്രകാരം 9 തസ്തികകൾ (5 യു.പി.എസ്.ടി, 4 എൽ.പി.എസ്.ടി) അനുവദിക്കുന്നതിന് ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസറോട് നിർദ്ദേശിച്ചതനുസരിച്ച് 11.1.2021-ലെ കെ.ഡിസ് ഇ/2639/2020 നമ്പർ ഉത്തരവ് പ്രകാരം 2015-16-ൽ 9 റഗുലർ തസ്തികകളും തുടർന്നുള്ള വർഷങ്ങളിൽ 9 റഗുലർ തസ്തികകളും ഒരു അധിക തസ്തികയും (4 എൽ.പി.എസ്. ടി + 5 യു.പി.എസ്.ടി + 1 യു.പി.എസ്.ടി അധിക തസ്തിക) എ.ഇ.ഒ അനുവദിക്കുകയും ആ തസ്തിക സ്കൂളിൽ നിലനിൽക്കുകയും ചെയ്യുന്നു.

11.1.2021-ലെ ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് വരുന്നതുവരെ 2016-17-ൽ സ്കൂളിൽ 4 എൽ.പി.എസ്.ടി റഗുലർ തസ്തികകളും 4 യു.പി.എസ്.ടി റഗുലർ തസ്തികകളും 2 അധിക യു.പി.എസ്.ടി തസ്തികകളുമാണ് നിലനിന്നിരുന്നത്. അധിക യു.പി.എസ്.ടി തസ്തികയിലെ നിമനാംഗീകാരം ലഭിക്കാത്തതുമൂലം സീനിയർ ആയ എന്നെ 2018-19 വർഷത്തിലുണ്ടയ റിട്ടയർമെന്റ് ഒഴിവിലേക്ക് 1.6.2018-ൽ മാറ്റി നിയമിക്കുകയും ആയത് അംഗീകരിക്കപ്പെടുകയും ചെയ്തു. അപ്പോഴും അധിക യു.പി.എസ്.ടി തസ്തികയിൽ തുടർന്നിരുന്ന ശ്രീമതി.ജലജ.സി.പി യുടെ നിയമനം അംഗീകരിച്ചിരുന്നില്ല.

ശ്രീമതി.ജലജ.സി.പി സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജിയുടെ വെളിച്ചത്തിൽ ഇറക്കിയ 11.1.2021-ലെ ഒറ്റപ്പാലം എ.ഇ.ഒ യുടെ ഉത്തരവനുസരിച്ച് 2015-16 മുതൽ 4 എൽ.പി.എസ്.ടി റഗുലർ തസ്തികകളും 5 യു.പി.എസ്.ടി തസ്തികകളും 1 യു.പി.എസ്.ടി അധിക തസ്തികയുമായി മാറി. ഇതിൽ 5-ാമത്തെ യു.പി.എസ്.ടി അധിക തസ്തികയിൽ നിയമിതയായ എനിക്കു പകരം 6-ാംത്തെ അധിക യു.പി.എസ്.ടി തസ്തികയിൽ നിയമിതയായ ശ്രീമതി.ജലജ.സി.പി ക്ക് നിയമനാംഗീകാരം നൽകിയാണ് ഈ കേസിനാധാരമാക്കിട്ടുള്ളത്.

13.6.2016-ൽ 5-ാമത്തെ യു.പി.എസ്.ടി തസ്തികയിൽ നിയമിതയായ എനിക്ക് പകരം 1.7.2016-ൽ 6-ാമത്തെ അധിക യു.പി.എസ്.ടി തസ്തികയിൽ നിയമിതയായ ശ്രീമതി.ജലജ.സി.പി ക്ക് നിയമനാംഗീകാരം നൽകാൻ ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ പറയുന്ന കാരണം 18.9.2021-ലെ സ.ഉ (സാധാ) നം.4143/2021/പൊ.വി.വ വിവരാവകാശ പ്രകാരവും 21.3.2022-ലെ വിദ്യാഭ്യാസ ഡയറക്ടറുടെ ജി1/13794/2021/ഡി.ജി.ഇ പ്രകാരവും ശ്രീമതി.ജലജ.സി.പിയുടെ നിയമനം അംഗീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട് എന്നതാണ്. മാത്രവുമല്ല സർക്കാർ ഉത്തരവിൽ ശ്രീമതി.ജലജ.സി.പിയുടെ 5-ാമത് യു.പി.എസ്.ടി തസ്തികയിൽ മറ്റു തരത്തിൽ അർഹതയുണ്ടെങ്കിൽ മാത്രം കൊടുക്കുവാൻ മാത്രമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ രണ്ട് ഉത്തരവുകളും ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നൽകിയ തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പുറപ്പെടുവിച്ചിട്ടുള്ളത്.

മേൽപ്പറഞ്ഞ 18.9.2021-ലെ ഗവൺമെന്റ് ഉത്തരവിലും 21.3.2022 ലും പറയുന്ന 9-ാമത്തെ തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി.ജലജ.സി.പി എന്നത് ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് അനുസരിച്ചാണ്. 2016-17-ൽ നിയമിതയായ ശ്രീമതി.ജലജ.സി.പി ഒരിക്കലും 9-ാമത്തെ തസ്തിക (5 യു.പി.എസ്.ടി റഗുലർ + 4 എൽ.പി.എസ്.ടി റഗുലർ) യിൽ ജോലി ചെയ്തിട്ടില്ല. ടിയാൾ 2016-17-ൽ നിയമിതയായപ്പോൾ തുടർന്നു വരുന്നത് 6-ാമത്തെ യു.പി.എസ്.ടി അധിക തസ്തികയിലാണ്. അതിൽ നിന്ന് ഒരിക്കലും ശ്രീമതി.ജലജ.സി.പി യെ മാറ്റി നിയമിച്ചിട്ടില്ല. അതിന്നർത്ഥം ടിയാൾ തുടർന്നു വരുന്നത് 6--ാമത്തെ യു.പി.എസ്ടി അധിക തസ്തികയിലാണ് എന്നതാണ്. ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് പ്രകാരമാണെങ്കിൽ 10-ാമത്തെ തസ്തികയാണിത്. (5 റഗുലർ യു.പി.എസ്.ടി + 4 റഗുലർ യു.പി.എസ്.ടി + 1 അധിക യു.പി.എസ്.ടി) 5-ാമത്തെ യു.പി.എസ്.ടി റഗുലർ തസ്തികയിൽ 13.6.2016 മുതൽ 31.5.2018 വരെ

തുടർന്നിരുന്നത് ഞാനാണ്. 1.6.2018-ൽ ഞാൻ റിട്ടയർമെന്റ് പോസ്റ്റിലേക്ക് മാറിയപ്പെട്ടുണ്ടായ 5-ാമത്തെ റഗുലർ തസ്തികയിൽ മാത്രമേ ശ്രീമതി.ജലജ.സി.പി യ്ക്ക് നിയമനാംഗീകാരത്തിന് അർഹതയുള്ളൂ. അതിനാകട്ടെ ടിയാളെ പ്രസ്തുത തസ്തികയിലേക്ക് മാറ്റി നിയമിച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ 1:1 അനുപാതപ്രാകാരം നികത്തപ്പെടേണ്ട തസ്തികയിൽ തുടരുന്ന ശ്രീമതി.ജലജ.സി.പി യുടെ നിയമനാംഗീകാരം തന്നെ സാങ്കേതികമായി ശരിയല്ല.

ശ്രീമതി.ജലജ.സിപി യുടെ നിയമനാംഗീകാര ഫയൽ പരിശോധിച്ച പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ സീനിയറായ എന്നെ മറികടന്നാണ് ശ്രീമതി.ജലജ.സി.പി യുടെ നിയമനം എന്ന് കണ്ടെത്തുകയും ഓഡിറ്റ് തടസ്സവാദം ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ പ്രസ്തുത തടസ്സവാദം താഴെ പറയും പ്രകാരം തീർപ്പാക്കിയെന്നറിയുന്നു.

സീനിയറായ ശ്രീമതി.ജിജി, യു.പി.എസ്.ടി പിന്നീട് തനിക്കനുകൂലമായ ഏതെങ്കിലും ഉത്തരവ് കൊണ്ടുവരികയാണെങ്കിൽ ഇതുമൂലമുള്ള സാമ്പത്തിക ബാദ്ധ്യത ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കായിരിക്കും.

ഇതുമായി ബന്ധപ്പെട്ട ഫയലിലെ കുറിപ്പുകൾക്കായി വിവരാവകാശ പ്രകാരം നൽകിയ അപേക്ഷയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ ഈ തടസ്സവാദം ഉന്നയിച്ച ഫയൽ ഗവൺമെന്റ് പരിശോധിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

മേൽ പ്രതിപാദിച്ചിട്ടുള്ള എ.ഇ.ഒ യുടെ നിയമ വിരുദ്ധമായ തീരുമാനം കാരണം സീനിയറായ എനിക്ക് 13.6.2016 മുതൽ 31.5.2018 വരെ ജോലി ചെയ്തിട്ടും നിയമനാംഗീകാരമോ ശമ്പളമോ ലഭിക്കാത്ത അവസ്ഥ സംജാതമാകുകയും മറിച്ച് എന്റെ ജൂനിയറായ ശ്രീമതി.ജലജ.സി.പി ക്ക് 1.7.2016 മുതൽ ശമ്പളത്തോടെയുള്ള നിയമനാംഗീകാരം ലഭിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് നിയമവിരുദ്ധമയി സഹായം ചെയ്ത കൊടുത്ത ഉദ്യോഗസ്ഥരുടെ മേൽ ഡി.ഡി ഓഫീസിൽ കണ്ടെത്തിയ ഓഡിറ്റ് ഒബ്ജക്ഷൻ പ്രകാരം നടപടി എടുക്കാനും വിനീതമായി അഭ്യർത്ഥിക്കുന്നു.

2016-17ൽ 13.6.2016 ന് ഞാൻ നിയമിതയായ അധിക തസ്തിക 11.1.2021-ലെ ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് പ്രകാരം 2016-17 മുതൽ റഗുലർ തസ്തികയായ നിലവിൽ സീനിയറായ എന്റെ നിയമനാംഗീകാരം മറികടന്ന് 1.7.2016-ൽ നിയമിതയായ ശ്രീമതി.ജലജ.സി.പി യുടെ നിയമനാംഗീകാരം നൽകിയ ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് റദ്ദ് ചെയ്യുന്നതിനും സീനിയറായ എന്റെ നിയമനം 13.6.2016 മുതൽ 31.5.2018 വരെ അംഗീകരിക്കുന്നതിനും ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

3. വിദ്യാഭ്യാസ അധികാരികളുടെ സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കും പ്രകാരമാണ്.

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള ചെറുമുണ്ടശ്ശേരി എ.യു.പി സ്കൂളിൽ 2016-17 വർഷത്തെ രണ്ട് അധിക യു.പി.എസ്.ടി തസ്തികകളിൽ ശ്രീമതി.ജിജി.എൻ-നെ 13.6.2016 മുതലും, ശ്രീമതി.ജലജ.സി.പി-യെ 1.7.2016 മുതലും മാനേജർ നിയമിച്ചു. അധിക തസ്തികകളിലെ നിയമനം കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(2) പ്രകാരം 1:1 മാനദണ്ഡം പാലിക്കണമെന്ന വ്യവസ്ഥ മാനേജർ പാലിച്ചിട്ടില്ല എന്ന കാരണത്താൽ മേൽ രണ്ട് നിയമനങ്ങളും ഉപജില്ല വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചിരുന്നു.

തുടർന്ന് 1.4.2018-ന് ചെറുമുണ്ടശ്ശേരി എ.യു.പി സ്കൂളിലെ യു.പി.എസ്.ടി ആയിരുന്ന ശ്രീമതി. ശ്രീകുമാരി.കെ.ക്ക് പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ആദ്യം നിയമിച്ച

ശ്രീമതി.എൻ.ജിജി യുടെ അപേക്ഷ പ്രകാരവും നിലവിലുള്ള കീഴ്വഴക്കം പാലിച്ചുകൊണ്ടും ശ്രീമതി.എൻ.ജിജി യെ 1.6.2018 മുതൽ മാനേജർ മാറ്റി നിയമിച്ചു. പ്രസ്തുത നിയമനം ഉപജില്ല വിദ്യാഭ്യാസ ഓഫീസിൽ നിന്നും അംഗീകരിക്കുകയും ചെയ്തു. 1.6.2018 മുതൽ ടിയാൾ ശമ്പളവും ആനുകൂല്യങ്ങളും കൈപ്പറ്റി വരുന്നു. 13.6.2016 മുതൽ 31.5.2018 വരെയുള്ള ശ്രീമതി.എൻ.ജിജി യുടെ അധിക തസ്തികയിലെ നിയമനത്തിന് അംഗീകാരം ലഭിക്കുകയുണ്ടായില്ല.

2015-16 വർഷത്തിൽ അനുവദിക്കാതിരുന്ന യു.പി.എസ്.ടി തസ്തിക അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി.ജലജ.സി.പി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി (സി) നമ്പർ 7033/2020 നമ്പറുള്ള ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ ചെറുമുണ്ടശ്ശേരി എ.യു.പി സ്കൂളിലെ 2015-16 വർഷത്തെ തസ്തിക നിർണ്ണയം പുനർനിർണ്ണയിച്ച് ഒമ്പതാമത്തെ തസ്തിക അനുവദിക്കുവാനും പ്രസ്തുത അധിക തസ്തികയിലെ ശ്രീമതി.ജലജ.സി.പി യുടെ നിയമനാംഗീകാരം കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(1) പ്രകാരം പരിശോധിക്കുവാനും ഉപജില്ല വിദ്യാഭ്യാസ ഓഫീസിന് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചെറുമുണ്ടശ്ശേരി എ.യു.പി സ്കൂളിലെ 2015-16 വർഷത്തെ തസ്തിക നിർണ്ണയം ഭേദഗതി ചെയ്ത് ഒമ്പതാമത്തെ തസ്തിക അനുവദിക്കുകയും ശ്രീമതി.ജലജ.സി.പി യുടെ നിയമനം 1.7.2016 മുതൽ ഉപജില്ല വിദ്യാഭ്യാസ ഓഫീസിൽ നിന്നും അംഗീകരിക്കുകയും ചെയ്തു.

നിലവിൽ ശ്രീമതി.ജലജ.സി.പി ക്ക് നിയമനാംഗീകാരം നൽകിയ തസ്തികയിൽ തനിക്ക് നിമയനാംഗീകാരം ലഭിക്കണം എന്നാവശ്യപ്പെട്ടാണ് ശ്രീമതി.ജിജി.എൻ ബഹു.സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിരിക്കുന്നത്.

ഇതേ വിഷയം സംബന്ധിച്ച് 17.11.2021-ന് ശ്രീമതി.ജിജി റിവിഷൻ ഹർജി സമർപ്പിക്കുകയും, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.3.2022-ലെ ജി1/13794/2021/ഡി.ജി.ഇ ഉത്തരവ് പ്രകാരം 2016-17 വർഷം ഒമ്പത് തസ്തിക മാത്രമാണ് അനുവദനീയമായിട്ടുള്ളതെന്നും ടി ഒമ്പത് തസ്തികകളിലും നിയമനാംഗീകാരത്തോടെ ഒമ്പത് അദ്ധ്യാപകൻ തുടരുന്നുണ്ടെന്നും, ആയതിനാൽ ശ്രീമതി.ജിജി.എൻ-നെ ഉൾക്കൊള്ളുന്നതിന് തസ്തിക ലഭ്യമല്ലെന്നും, അതുകൊണ്ട് തന്നെ ടിയാൾ സീനിയർ ആണെന്ന വാദം നിലനിൽക്കുന്നതല്ലെന്ന് വ്യക്തമാക്കി ശ്രീമതി.ജിജി എൻ -ന്റെ റിവിഷൻ ഹർജി നിരസിച്ച് ഉത്തരവായിരുന്നു. ആയതിനാൽ തന്നെ നിലവിലും ടി ഹർജി പരിഗണിക്കാൻ കഴിയില്ലെന്ന് അഭിപ്രായപ്പെടുന്നു.

4. സർക്കാർ ഇക്കാര്യം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, ഹിയറിംഗ് സമയത്തെ വാദം, ലഭ്യമായ റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ ചെറുമുണ്ടശ്ശേരി എ.യു.പി സ്കൂളിൽ 2016-17 വർഷത്തെ 2 അധിക യു.പി.എസ്.ടി തസ്തികകളിൽ ശ്രീമതി.ജിജി.എൻ-നെ 13.6.2016 മുതലും, ശ്രീമതി ജലജ.സി.പി-യെ 1.7.2016 മുതലും നിയമിച്ചു. 1:1 അനുപാതം പാലിച്ചിട്ടില്ലാത്തതിനാൽ ടി നിയമനങ്ങൾ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. തുടർന്ന് റിട്ടയർമെന്റ് ഒഴിവിൽ സീനിയർ ആയ ശ്രീമതി.എൻ. ജിജി യെ 1.6.2018 മുതൽ മാനേജർ മാറ്റി നിയമിക്കുകയും, ടി നിയമനം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തു. 13.6.2016 മുതൽ 31.5.2018 വരെയുള്ള അധിക തസ്തികയിലെ നിയമനം അംഗീകരിച്ചിരുന്നില്ല.

2015-16 വർഷത്തിലെ അധിക യു.പി.എസ്.ടി തസ്തിക അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി.ജലജ.സി.പി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP © 7033/2020 നമ്പറുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളിലെ 2015-16 വർഷത്തെ

തസ്തിക പുനർ നിർണ്ണയം ചെയ്ത് ഒൻപതാമത്തെ തസ്തിക അനുവദിക്കുവാനും, ടി തസ്തികയിലെ ശ്രീമതി.ജലജ.സി.പി യുടെ നിയമനാംഗീകാരം കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(1) പ്രകാരം പുന:പരിശോധിക്കുവാൻ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ജലജ.സി.പി യുടെ നിയമനം 1.7.2016 മുതൽ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തു. ടി തസ്തികയിൽ നിയമനാംഗീകാരം നൽകണമെന്നാവശ്യപ്പെട്ടാണ് ശ്രീമതി.ജിജി.എൻ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്.

2016-17 വർഷം ടി സ്കൂളിൽ ആകെ 9 തസ്തിക മാത്രമാണ് അനുവദനീയമായിട്ടുള്ളത്. ടി തസ്തികകളിൽ നിയമനാംഗീകാരത്തോടെ 9 അദ്ധ്യാപകർ തുടരുന്നുണ്ട്. ആയതിനാൽ ശ്രീമതി. ജിജി.എൻ-നെ ഉൾക്കൊള്ളുന്നതിന് തസ്തിക ലഭ്യമല്ലാത്ത സാഹചര്യത്തിൽ ടിയാൾ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന പരിശോധനാ ഹർജിയിലെ(EXT P13) ആവശ്യം പരിഗണനാർഹമല്ലാത്തിനാൽ ആയത് നിരസിച്ച് തീർപ്പാക്കി അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം.
മാനേജർ, എ.യു.പി സ്കൂൾ, ചെറുമുണ്ടശ്ശേരി, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ.യു.പി സ്കൂൾ, ചെറുമുണ്ടശ്ശേരി, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
ശ്രീമതി.എൻ. ജിജി, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ, എ.യു.പി സ്കൂൾ,
ചെറുമുണ്ടശ്ശേരി, പാലക്കാട്.
ശ്രീമതി. ജലജ. സി പി, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ, എ.യു.പി സ്കൂൾ,
ചെറുമുണ്ടശ്ശേരി, പാലക്കാട്.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
സെക്ഷൻ ഓഫീസർ
Date: 01-07-2025 14:44:28